പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2976 — 20.03.2015 - ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ :<br>ശ്രീ. പുരുഷൻ കടലുണ്ടി :<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ :<br>ശ്രീ. എസ്. ശർമ്മ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന, വ്യാപകമായ ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച പരാതികളിൽ കൈക്കൊണ്ട പൊതുവായ തീരുമാനങ്ങൾ വിശദമാക്കാമോ ; | (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പരാതികൾ ലഭിക്കാറുണ്ട്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ പൊതുമരാമത്ത് വകുപ്പിന്റെ ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്) തലവനായി പ്രവർത്തിക്കുന്ന പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം നടപടി സ്വീകരിച്ചു വരുന്നു. പരാതിയുടെ ഗൗരവം അനുസരിച്ച് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ നേരിട്ടോ, പ്രസ്തുത വിഭാഗം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ അന്വേഷണം നടത്തുന്നു.<br>പൊതുമരാമത്ത് വകുപ്പിലെ |

അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ലഭിക്കുന്ന പരാതികളിൽ അവർ അന്വേഷണം നടത്താറുണ്ട്. ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗവും വകുപ്പിന്റെ പല പ്രവർത്തനങ്ങളും പരിശോധിച്ചു സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. വിജിലൻസ് റിപ്പോർട്ടുകളിലും ധനകാര്യ പരിശോധനാ റിപ്പോർട്ടുകളിലും വകുപ്പുതല റിപ്പോർട്ടുകളിലും സർക്കാർ സത്വരമായി നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മയ്ക്കായി വിപുലമായ ക്വാളിറ്റി കൺട്രോൾ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇത് സംബന്ധിച്ച് നിയമസഭാംഗങ്ങളിൽ നിന്നും ലഭിച്ച പരാതികളുടെ പകർപ്പ് ലഭ്യമാക്കാമോ ; | (ബി) | തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട മൂന്ന് റോഡുകൾ മഴയത്ത് ടാർ ചെയ്തത് കാരണം തകർന്നതുമായി ബന്ധപ്പെട്ട് ബഹു. എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. കെ. ബാബുവിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വകുപ്പ് മന്ത്രി ആപ്പീസിനെതിരെ ലോകായുക്തയിൽ പരാതിയുണ്ടോ; ഇതു സംബന്ധിച്ച് ലോകായുക്ത മുമ്പാകെ ഏതെങ്കിലും നിയമസഭാംഗം മൊഴി നൽകിയതായി അറിയാമോ ; എങ്കിൽ ആ അംഗത്തിന്റെ പേര് വെളിപ്പെടുത്താമോ ; | (സി) | ലോകായുക്തയിൽ ഒരു പരാതിയുണ്ട്. മൊഴി ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. |
| (ഡി) | ഇതു സംബന്ധിച്ച് ലോകായുക്ത മുമ്പാകെ സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ